പതിനാലാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1344 — 04.02.2019-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാ ബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ തണ്ണീർത്തട നിയമപ്രകാരം ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നിലവിൽ മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്തെ എത്ര വില്ലേജുകളിൽ നാളിതുവരെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) വില്ലേജ് തലത്തിൽ അല്ല ഡേറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നത്. സംസ്ഥാനത്തെ 1076 കൃഷിഭവനുകളിൽ 29 എണ്ണത്തിൽ നെൽവയലോ തണ്ണീർത്തടമോ ഇല്ലാത്തതിനാൽ ഡേറ്റാബാങ്ക് ഇല്ലാത്തതാണ്. നാളിതു വരെ 791 കൃഷിഭവനുകളിൽ ഡേറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഡേറ്റാബാങ്ക് പ്രസിദ്ധപ്പെടുത്താനുള്ള ബാക്കിയുള്ള 256 കൃഷിഭവനുകളിൽ കരട് ഡാറ്റാബാങ്ക് KSREC-യുടെ സഹായത്തോടെ ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗപ്പെടുത്തി പരിശോധിച്ച് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ പ്രാദേശിക തല നിരീക്ഷണസമിതികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഡേറ്റാ ബാങ്കിൽ തെറ്റായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അത് തിരുത്തുന്നതിനായി ലഭിച്ച അപേക്ഷകളിൽ വ്യക്തമായി തീർപ്പ് കല്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) ഡേറ്റാ ബാങ്കിൽ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനായി ലഭിച്ച അപേക്ഷകളിൽ പ്രാദേശികതല നിരീക്ഷണ സമിതികൾ ഇപ്പോൾ നടത്തുന്ന സ്ഥല പരിശോധനയിലൂടെ 2008 ആഗസ്റ്റ് 12-ലെ വസ്തുവിന്റെ സ്ഥിതി സംബന്ധിച്ച് വിവരം ബോധ്യപ്പെടുന്ന പക്ഷം വ്യക്തമായി തീർപ്പ് കൽപ്പിക്കാൻ സാധിക്കുന്നുണ്ട്. അപ്രകാരം തീർപ്പ് കൽപ്പിക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങളിൽ വസ്തുവിന്റെ 2008-ലെ ആഗസ്റ്റ് 12-ലെ അവസ്ഥ സംബന്ധിച്ച് KSREC യുടെ ഉപഗ്രഹ ചിത്ര പരിശോധനാ റിപ്പോർട്ട് പ്രാദേശികതല നിരീക്ഷണ സമിതികൾക്ക് പരിഗണിക്കേണ്ടി വരുന്നുണ്ട്. ചില വില്ലേജുകളുടെ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാത്തത് കാരണം അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളാനും |

സാധിക്കാത്ത അവസ്ഥയുമുണ്ട്. കൂടാതെ, കൃഷി റവന്യൂ ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന അപേക്ഷകളിൽ വേണ്ടി വരുന്നതു കൊണ്ട് അപേക്ഷകളിൽ തീർപ്പാക്കാൻ കാലതാമസം ഉണ്ടാവുന്നുമുണ്ട്.

(ഡി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഈ സർക്കാർ കൊണ്ടുവന്ന ഭേദഗതിപ്രകാരം 2008-ന് മുമ്പ് നികത്തിയ നെൽവയലുകൾ ഫീസ് ഒടുക്കി ക്രമവൽക്കരിക്കാമെന്ന നിബന്ധന ദുരുപയോഗപ്പെടുത്തുന്നില്ലായെന്ന് എപ്രകാരമാണ് ഉറപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

(ഡി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമങ്ങളും, ചട്ടങ്ങളും പ്രകാരവും നടപടികൾ കൃത്യമായി പാലിച്ചു കൊണ്ട്, ടി ക്രമവൽക്കരണം ദുരുപയോഗ പ്പെടുത്തുന്നില്ലായെന്ന് ഉറപ്പാക്കുന്നതിനായി വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലും ഉപഗ്രഹ ചിത്ര പരിശോധനയുടെ അടിസ്ഥാനത്തിലും ഉറപ്പു വരുത്തിയ ശേഷമാണ് ക്രമവൽക്കരിക്കാൻ അനുമതി നൽകുന്നത്.

സെക്ഷൻ ഓഫീസർ